**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1911

08.12..2014 -ൽ മറുപടിയ്ക്ക്

**LBS ഡയറക്ടർ-ഇൻ-ചാർജ്ജ് ശ്രീ.സയിദ് റഷീദിന്റെ ഡെപ്യൂട്ടേഷൻ**

| ചോദ്യം<br>ശ്രീ.ആർ.സെൽവരാജ് | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
|---|---|
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനമായ LBS ഡയറക്ടർഇ-ൻ-ചാർജ്ജ് ആയി പ്രവർത്തി ക്കുന്ന ശ്രീസയിദ് . റഷീദിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 21.10.2014-ൽ നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചി ട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ; ചീഫ് സെക്രട്ടറി എന്നാണ് അന്വേഷണം ആരംഭിച്ചതെന്നും, അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ; | (എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വയംഭരണ സ്ഥാപനമായ LBS ഡയറക്ടർ-ഇൻ-ചാർജ്ജ് ആയി സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.സെയിദ് റഷീദിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതി സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ഡെപ്യൂട്ടേഷൻ അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥ ർക്ക് മാതൃവകുപ്പിൽ നിന്നുള്ള NOC നൽകിയിട്ടുള്ള കാലാവധി കഴിഞ്ഞും, NOC നൽകില്ലാ എന്ന് അറിയിച്ചിട്ടും പ്രസ്തുത വകുപ്പിൽ ജീവനക്കാരനെ തുടരുവാൻ നിയമം അനുശാസിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഇല്ല.<br>ശ്രീ.സെയിദ് റഷീദിന്റെ സേവനം സംസ്ഥാന സർക്കാരിന് ആവശ്യമായതിനാൽ അദ്ദേഹത്തിന് ഡെപ്യൂട്ടേഷനിൽ തുടരാൻ NOC നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ മറുപടി ലഭിച്ചില്ല. |
| (സി) | നിലവിൽ LBS -ന്റെ ചാർജ് വഹിക്കുന്ന ശ്രീ.സയിദ് റഷിദിന്റെ ഡെപ്യൂട്ടേഷന് ഏത് തീയതിവരെയാണ് മാതൃ വകുപ്പിൽ നിന്നും NOC നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത NOC യുടെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ശ്രീ.സയിദ് റഷിദിന്റെ ഡെപ്യൂട്ടേഷന് 05-04-2014 വരെയാണ് മാതൃവകുപ്പിൽ നിന്നും NOC നൽകിയിട്ടുള്ളത്. എൻ.ഒ.സി.യുടെ പകർപ്പ് അനുബന്ധം (എ) ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ടിയാന്റെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന് എത്ര പ്രാവശ്യം ടിയാന്റെ മാതൃവകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ടിയാന്റെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിന് മാതൃവകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് 6 പ്രാവശ്യം കത്ത് നൽകിയിട്ടുണ്ട്. കത്തുകളുടെ പകർപ്പ് അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (ഇ) | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ LBS-ലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെയും പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്കെതിരെയും അച്ചടക്ക നടപടി വരെ എടുക്കാൻ അധികാരമുള്ള നിലവിലെ ഡയറക്ടറുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും വ്യക്തമാക്കാമോ; LBS ഡയറക്ടർ ആകുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ നീണ്ടകാലം ചാർജ് വഹിക്കുന്ന ശ്രീ.സയീദ് റഷീദിന് ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | നിലവിൽ എൽ.ബി.എസ്. ഡയറക്ടറുടെ ചാർജ് വഹിക്കുന്ന ശ്രീ.സയീദ് റഷീദിന്റെ വിദ്യാഭ്യാസ യോഗ്യത നിയമത്തിലുള്ള ബിരുദാനന്തര ബിരുദമാണ്. സിവിൽ സർവ്വീസ് 2003 ബാച്ചിലെ IPoS ഉദ്യോഗസ്ഥനായ ഇദ്ദേഹത്തിന് കേന്ദ്ര സർക്കാരിന്റെ ഗ്രൂപ്പ് എ സർവ്വീസിൽ 11 വർഷത്തെ പ്രവർത്തി പരിചയം ഉണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറി എന്ന നിലയിലാണ് അദ്ദേഹത്തിന് എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുന്നത്. |

| | |
|---|---|
| (എഫ്) ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചിട്ടും, മാതൃ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ കാലാവധി നീട്ടിനൽകില്ല എന്ന് അറിയിച്ചിട്ടും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവൃത്തി പരിചയവും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയും ഇല്ലാത്ത ശ്രീ.സയിദ് റഷീദിനെ നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ടിയാൻ ഏതൊക്കെ സ്ഥാപനങ്ങളുടെ ചുമതലയാണ് ഇപ്പോൾ വഹിക്കുന്നത് എന്നും കാലയളവും വ്യക്തമാക്കാമോ; | (എഫ്) 23-01-2010-ലെ G.O.(Rt) No.184/2010/H.Edn. പ്രകാരം കേരളാ ഓപ്പൺ യൂണിവേഴ്സിറ്റിയിലെ സ്പെഷ്യൽ ഓഫീസറായും, 6-04-2010-ലെ G.O.(Rt) No.718/2010/H.Edn. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എക്സ്-ഒഫീഷ്യോ ഡെപ്യൂട്ടി സെക്രട്ടറിയായും, നിയമിച്ച ശ്രീ.സയീദ് റഷീദിന് 24-02-2011 മുതൽ എൽ.ബി.എസ്. ഡയറക്ടറുടെ അധിക ചുമതല കൂടി നൽകിയിട്ടുണ്ട്. കൂടാതെ 25-11-2014-ലെ G.O.(Rt) No.2785/2014/H.Edn. പ്രകാരം ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായും അദ്ദേഹത്തെനിയമിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോഴും മേൽപ്പറഞ്ഞ സ്ഥാനങ്ങൾ വഹിക്കുന്നുണ്ട്. ടി സ്ഥാനങ്ങളിൽ ടിയാന്റെ സേവനം അനിവാര്യമായതിനാലാണ് ടി സ്ഥാനങ്ങളിൽ ഇപ്പോഴും നിലനിർത്തിയിരിക്കുന്നത്. |

| | |
|---|---|
| (ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD യുടേയും നിയമ വകുപ്പിന്റേയും ശുപാർശയുണ്ടോ; ഇല്ലെങ്കിൽ നിയമ വകുപ്പിന്റെ പരിശോധന യ്ക്ക് അയക്കാൻ തയ്യാറാകുമോ; മുൻ സർക്കാരിന്റെ കാലത്ത് ഡെപ്യൂട്ടേഷൻ അനുവദി ക്കുകയും, ഇപ്പോൾ മാതൃ വകുപ്പ് എൻ.ഒ.സി. നൽകാതെ വിടുതൽ ചെയ്യണമെന്ന് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്ത ശ്രീ.സയീദ് റഷീദിനെ എന്ന് റിലീവ് ചെയ്യുമെന്ന് വ്യക്ത മാക്കാമോ; ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ജി) ടിയാന്റെ ഡെപ്യൂട്ടേഷൻ സംബന്ധിച്ച ഫയലിൽ P&ARD യുടേയും, നിയമ വകുപ്പിന്റേയും അഭിപ്രായം ആരാഞ്ഞിരുന്നില്ല. ശ്രീ.സയീദ് റഷീദിന്റെ വിടുതൽ സംബന്ധിച്ച് സർക്കാർ തീരുമാന മെടുത്തിട്ടില്ല. ടിയാന്റെ നിയമനം സംബന്ധിച്ച ഫയലിന്റെ പകർപ്പ് അനുബന്ധം (സി) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്